സ്റ്റേറ്റ് ഹെൽത്ത് ഏജൻസി, കേരളം
5 & 8-ാം നില, ആർടെക്ക് മീനാക്ഷി പ്ലാസ
സ്ത്രീകളുടെയും കുട്ടികളുടെയും
ആശുപത്രിക്ക് എതിർവശം,
തൈക്കാട്,തിരുവനന്തപുരം-695014
ഫോൺ:0471-4063121,2960221
ഇ-മെയിൽ:statehealthagencykerala@gmail.com

നമ്പർ: SHA/480/2025-MGR(HR) തീയതി: 11-11-2025

**പൊതു അറിയിപ്പ്**

---

വിഷയം: സ്റ്റേറ്റ് ഹെൽത്ത് ഏജൻസി - റീജിയണൽ മെഡിക്കൽ ഓഡിറ്റർ, മെഡിക്കൽ ഓഡിറ്റർ തസ്തികകളിലെ ഒഴിവുകൾ നികത്തുന്ന രീതി സംബന്ധിച്ച്.

സൂചന: സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ റീജിയണൽ മെഡിക്കൽ ഓഡിറ്റർ തസ്തികയിലേക്ക് ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം (നമ്പർ: SHA/480/2025-MGR(HR) തീയതി: 01.11.2025).

മേൽ വിജ്ഞാപനത്തിലൂടെ അപേക്ഷ ക്ഷണിച്ച റീജിയണൽ മെഡിക്കൽ ഓഡിറ്റർ (Regional Medical Auditor) തസ്തികയുടെയും, മെഡിക്കൽ ഓഡിറ്റർ (Medical Auditor) (നിലവിൽ ഒഴിവ് ഇല്ല) തസ്തികയുടെയും ടേംസ് ഓഫ് റഫറൻസിൽ (Terms of Reference - TOR) പറഞ്ഞിട്ടുള്ള വിദ്യാഭ്യാസ യോഗ്യതകളും പ്രവൃത്തിപരിചയവും ഒന്നുതന്നെയാണ്.

അതുകൊണ്ട്, സ്റ്റേറ്റ് ഹെൽത്ത് ഏജൻസി എക്സിക്യൂട്ടീവ് ഡയറക്ടർ അംഗീകരിച്ച തീരുമാനം പൊതുജനങ്ങളുടെ അറിവിലേക്കായി താഴെ പ്രസിദ്ധീകരിക്കുന്നു.

നിലവിൽ പ്രസിദ്ധീകരിച്ചിട്ടുള്ള വിജ്ഞാപനത്തിലൂടെ തയ്യാറാക്കുന്ന റീജിയണൽ മെഡിക്കൽ ഓഡിറ്റർ തസ്തികയുടെ റാങ്ക് ലിസ്റ്റിന് പരിഗണനാ കാലാവധിയുള്ളപ്പോൾ (validity period), മെഡിക്കൽ ഓഡിറ്റർ തസ്തികയിൽ ഭാവിയിൽ ഉണ്ടായേക്കാവുന്ന ഒഴിവുകളും ഇതേ റാങ്ക് ലിസ്റ്റിൽ നിന്ന് തന്നെ നികത്തുന്നതായിരിക്കും.

ഈ പൊതു അറിയിപ്പ്, തസ്തികയുടെ പേരിലുള്ള വ്യത്യാസം കാരണം ഭാവിയിൽ മെഡിക്കൽ ഓഡിറ്റർ തസ്തികയിലേക്ക് പ്രത്യേകം വിജ്ഞാപനം ചെയ്യേണ്ട ആവശ്യം ഒഴിവാക്കുന്നതിനും, നിയമന നടപടികൾ കാര്യക്ഷമമാക്കുന്നതിനും വേണ്ടിയാണ്.

വിജ്ഞാപനം സംബന്ധിച്ച മറ്റ് വിവരങ്ങൾ / നിബന്ധനകൾ അതേപടി നിലനിൽക്കുന്നതാണ്.

**ജോയിന്റ് ഡയറക്ടർ (എഫ് & എ)**

**സ്റ്റേറ്റ് ഹെൽത്ത് ഏജൻസി**

---

പകർപ്പ്:

1. അഡ്മിനിസ്ട്രേറ്റീവ് വിഭാഗം (നടപടിക്കായി).
2. ഐ. ടി. വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).

3. സ്റ്റേറ്റ് ഹെൽത്ത് ഏജൻസി - നോട്ടീസ് ബോർഡ്.
4. ഓഫീസ് കോപ്പി / കരുതൽ ഫയൽ.